प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in
ई-मेल/ ഇമെയിൽ : helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
ആശയവിനിമയ വകുപ്പ്, കേന്ദ്ര ഓഫീസ്, ഷാഹിദ് ഭഗത് സിംഗ് മാർഗ്, ഫോർട്ട്, മുംബൈ - 400 001 फोन/ഫോൺ : 022 - 2266 0502

ഓഗസ്റ്റ് 10, 2023

# മഹാരാഷ്ട്രയിലെ, ഇസ്ലാംപൂരിലുള്ള ദി ഇസ്ലാംപൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന്, ഭാരതീയ റിസർവ് ബാങ്ക് സാമ്പത്തിക പിഴ ചുമത്തിയിരിക്കുന്നു

1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ (ബിആർ ആക്റ്റ്) സെക്ഷൻ 56, സെക്ഷൻ 26 എ എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ പാലിക്കാത്തതിനും ഒപ്പം, 'ഭാരതീയ റിസർവ് ബാങ്ക് (നിങ്ങളുടെ ഉപഭോക്താവിനെ അറിയുക (കെവൈസി)) നിർദ്ദേശങ്ങൾ, 2016', 'നിക്ഷേപ അക്കൗണ്ടുകളുടെ പരിപാലനം-യുസിബികൾ' എന്നീ നിർദ്ദേശങ്ങളുടെ ചില വ്യവസ്ഥകൾ പാലിക്കാത്തതിനും, മഹാരാഷ്ട്രയിലെ ഇസ്ലാംപൂരിലുള്ള ദി ഇസ്ലാംപൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന് (ബാങ്ക്), 2023 ഓഗസ്റ്റ് 03 ലെ ഉത്തരവിലൂടെ, ഭാരതീയ റിസർവ് ബാങ്ക് (ആർബിഐ) **₹2.00 ലക്ഷം** (രണ്ടു ലക്ഷം രൂപ മാത്രം) പിഴ ചുമത്തിയിരിക്കുന്നു. ബാങ്കിംഗ് റെഗുലേഷൻ ആക്ട്, 1949 (ബിആർ ആക്റ്റ്) ന്റെ സെക്ഷൻ 47 എ (1) (സി), സെക്ഷൻ 46 (4) (ഐ) കൂടാതെ സെക്ഷൻ 56 എന്നീ വകുപ്പുകൾ പ്രകാരം റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ചാണ് പിഴ ചുമത്തിയിരിക്കുന്നത്.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ്, മാത്രമല്ല, ഇത് ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതല്ല.

## പശ്ചാത്തലം

ബാങ്കിന്റെ, 2022 മാർച്ച് 31 വരെയുള്ള സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കി റിസർവ് ബാങ്ക് നടത്തിയ നിയമപരമായ പരിശോധനയും റിസ്ക് അസസ്മെന്റ് റിപ്പോർട്ടും അതുമായി ബന്ധപ്പെട്ട എല്ലാ

കത്തിടപാടുകളും പരിശോധിച്ചപ്പോൾ, ഡിപ്പോസിറ്റർ എജ്യുക്കേഷൻ ആൻഡ് അവയർനസ് ഫണ്ടിലേക്ക് (ഡി ഇ എ എഫ്) അർഹമായ തുക ബാങ്ക് കൈമാറ്റം ചെയ്തിട്ടില്ലെന്നും ഉപഭോക്താക്കളുടെ അപകടസാധ്യത വർഗ്ഗീകരിക്കുന്നത് സംബന്ധിച്ച് ആനുകാലിക അവലോകനവും പ്രവർത്തനരഹിതമായ അക്കൗണ്ടുകളുടെ വാർഷിക അവലോകനവും നടത്തിയിട്ടില്ലെന്നും വെളിപ്പെട്ടു. ഇതിനോടനുബന്ധമായി, മേൽപറഞ്ഞിരിക്കുന്ന നിയമപരമായ വ്യവസ്ഥകളും നിർദ്ദേശങ്ങളും ലംഘിച്ചതിന് പിഴ ചുമത്താതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് ബാങ്കിന് നോട്ടീസ് നൽകി.

നോട്ടീസിനുള്ള ബാങ്കിന്റെ രേഖാമൂലമുള്ള മറുപടി പരിഗണിച്ച ശേഷം, മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല എന്ന കുറ്റം റിസർവ് ബാങ്ക് സ്ഥിരീകരിക്കുകയും ഒപ്പം സാമ്പത്തിക പിഴ ചുമത്തേണ്ടതാണെന്നുള്ള നിഗമനത്തിലുമെത്തി.

**(യോഗേഷ് ദയാൽ)**
ചീഫ് ജനറൽ മാനേജർ

**പ്രസ് റിലീസ്: 2023-2024/733**